# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4049</u>

<u>25.06.2014 ൽ മറുപടിക്ക്</u>

## ശ്വാസകോശ രോഗബാധിതരുടേയും കാൻസർ രോഗബാധിതരുടെയും എണ്ണം വർദ്ധിക്കുന്നത് തടയുന്നതിന് നടപടി

| <u>ചോദ്യം</u><br>ശ്രീ. രാജു എബ്രഹാം | <u>ഉത്തരം</u><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിൽ ശ്വാസകോശ സംബന്ധമായ രോഗികളുടെയും കാൻസർ രോഗബാധിതരുടെയും എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യം സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കാനും ഓരോ വർഷവും ഇത്തരം രോഗം ബാധിച്ച് ചികിത്സയിൽ എത്തുന്നവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്താനും എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ;<br><br>(സി) ഈ രോഗങ്ങൾ പെരുകുന്നതിന്റെ കാരണം സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കാനും അതിനുള്ള പ്രതിവിധി കണ്ടുപിടിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) ശ്വാസകോശ രോഗങ്ങളെപ്പറ്റി പഠിക്കുന്നതിനായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പൾമൊണറി മെഡിസിൻ ഡിപ്പാർട്ട്മെന്റും കാൻസർ രോഗപഠനത്തിനും ചികിത്സയ്ക്കുമായി ഓങ്കോളജി, റേഡിയോതെറാപ്പി ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം രോഗങ്ങൾ പെരുകുന്നതിനെക്കുറിച്ചും ഈ വകുപ്പിൽ പഠനം നടത്തുന്നുണ്ട്. മാത്രമല്ല സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ കാൻസർ സെന്റർ, കാൻസർ രോഗത്തെപ്പറ്റി ആധികാരികമായി പഠിക്കുകയും കാൻസർ രജിസ്റ്റി സൂക്ഷിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ